
# Athmaraksha.org

വിശുദ്ധരുടെ ജീവചരിത്രം

## വിശുദ്ധ ഡോൺ ബോസ്കോ




### മാർഗരറ്റ് അമ്മ

സുകൃതിനിയായ മാർഗരറ്റിന്റെ സാന്നിദ്ധ്യം ബോസ്കോ കുടുംബത്തെ സന്തോഷഭരിതമാക്കി. ഭർത്താവിനെയും കുഞ്ഞുങ്ങളെയും അമ്മയെയും അവൾ നന്നായി പരിചരിച്ചു. ഈ കുടുംബത്തിലെ സ്നേഹവും ഐക്യവും അയൽവാസികളെപ്പോലും അസൂയാലുക്കളാക്കി. പാടത്തുനിന്ന് പണിയെടുത്തുവരുന്ന ഭർത്താവിനെ അവൾ സ്നേഹത്തോടെ ശുശ്രൂഷിച്ചു. കുട്ടികൾക്ക് ബൈബിൾ കഥകൾ പറഞ്ഞുകൊടുത്തു. ഇങ്ങനെ സന്തോഷകരമായി മുന്നേറുന്ന അവസരത്തിലാണ് ആ കുടുംബത്തെ നടുക്കിയ മറ്റൊരു സംഭവം ഉൺ◌ായത് - ഫ്രാൻസിസിന്റെ മരണം. ഒരു ദിവസം പണി സ്ഥലത്തുനിന്നും ഭവനത്തിൽ എത്തിയ ഫ്രാൻസിസിന് പെട്ടെന്ന് പനിയും നെഞ്ചുവേദന ബാധിച്ചു. രോഗം കലശലായി. 1817 മെയ് 11 ന് അദ്ദേഹം മരിച്ചു.

### അമ്മയുടെ സ്വാധീനം

അമ്മയും മകനുമായുള്ള ഒരു സവിശേഷബന്ധം ഡോൺബോസ്കോയുടെ ജീവിതത്തിലുടനീളം കാണാം. അക്ഷരാർത്ഥത്തിൽ ഡോൺബോസ്കോയുടെ ജീവചരിത്രം മുഴുവൻ തന്റെ അമ്മയെ ചുറ്റിപ്പറ്റിയുള്ളതാണ്. അവളിലെ നന്മയും പുണ്യങ്ങളുമാണ് ജോണിനെ അൾത്താരവരെ ഉയർത്താൻ സഹായിച്ചത്. കുഞ്ഞുനാളിൽത്തന്നെ ജോൺ കന്നുകാലികളെ മേയ്ക്കുന്ന ജോലിയിൽ ഏർപ്പെട്ടു. സാധിക്കുന്ന വിധത്തിലെല്ലാം ഏൽപ്പിച്ച ജോലികൾ ചെയ്തു തീർത്തിട്ടേ അവൻ കളിക്കാൻ പോയിരുന്നുള്ളൂ. കളിസ്ഥലങ്ങളിൽ കൂട്ടുകാർ മോശമായി സംസാരിക്കുകയും പ്രവർത്തിക്കുകയും ചെയ്യുമ്പോൾ ജോൺ അവരെ തിരുത്തി നന്മയിലേക്കു നയിക്കും. തന്റെ ഇടപെടൽ അവരിലെല്ലാംതന്നെ വലിയ മാറ്റങ്ങൾ ഉളവാക്കുന്നത് കാണുവാൻ അവന് കഴിഞ്ഞു. അതുകൊണ്ടുതൺ◌ായിരിക്കാം പില്ക്കാലത്തു ഡോൺബോസ്കോ പറഞ്ഞു: "ആൺകുട്ടികളെ ഒരുമിച്ചുകൂട്ടി വേദോപദേശം പഠിപ്പിക്കണമെന്ന് എനിക്ക് ആഗ്രഹമുണ്ട്." ഈ ലോകത്തിൽ എനിക്കു ചെയ്യാനുള്ള ഏകജോലി അതാണെന്നു ഞാൻ കരുതി.

### അനുഭവപാഠങ്ങൾ

തണുപ്പുകാലത്ത് അയൽപക്കക്കാർ സന്ധ്യാസമയത്ത് തീ കാഞ്ഞുകൊണ്ട് ഫലിതങ്ങൾ പറഞ്ഞ് ചിരിക്കുമ്പോൾ മാർഗരറ്റ് തന്റെ കുഞ്ഞുങ്ങൾക്ക് ബൈബിൾ കഥകൾ പറഞ്ഞുകൊടുക്കും. അങ്ങനെ

കുഞ്ഞുനാളിൽത്തന്നെ കുട്ടികളുടെ മനസ്സിൽ ആത്മീയതയുടെ വിത്തുവിതയ്ക്കുവാൻ അവൾ പരിശ്രമിച്ചു. ഓരോരോ സംഭവങ്ങളിലൂടെയും കഥകളിലൂടെയും അവരെ സന്മാർഗത്തിലേക്കു നയിച്ചു. ഒരിക്കൽ ഒരു കള്ളൻ അവരുടെ മുന്തിരിത്തോട്ടത്തിൽ കയറി. മാർഗരറ്റും കുഞ്ഞുങ്ങളും കള്ളനെ പിടിക്കാൻ തോട്ടത്തിന്റെ പല ഭാഗത്തായി ഒളിച്ചിരുന്നു. ആ കള്ളൻ മുന്തിരിച്ചെടികൾ നശിപ്പിച്ച് മുന്തിരിഫലങ്ങളെടുത്ത് പുറത്തേക്കുപോകാൻ ശ്രമിക്കുമ്പോൾ മാർഗരറ്റ് അവനെ പിടികൂടി. കള്ളൻ, കള്ളൻ എന്നു പറഞ്ഞു കുട്ടികൾ ബഹളംവെച്ച് ഓടിവന്നു. ഇവരെക്കണ്ടണ്ട് മുന്തിരിക്കുല ഉപേക്ഷിച്ച് കള്ളൻ ഓടി രക്ഷപ്പെട്ടു. ഈ സംഭവത്തിലൂടെ അവൾ കുട്ടികൾക്ക് ഒരു പാഠം പറഞ്ഞുകൊടുത്തു. ഈ കള്ളൻ മുന്തിരിഫലങ്ങൾ മോഷ്ടിക്കാനാണ് തോട്ടത്തിൽക്കയറിയത്. എന്നാൽ കുട്ടികളായ നിങ്ങളുടെ നിഷ്ക്കളങ്കത മോഷ്ടിക്കാൻ വരുന്ന കള്ളന്മാരുണ്ട്. അവർ നിങ്ങളെ കൊള്ളയടിക്കാതിരിക്കാൻ ശ്രദ്ധിക്കണം. അതിന് ചീത്തക്കൂട്ടുകെട്ട് ഉപേക്ഷിക്കണം.

### ഒൻപതാംവയസ്സിലെ സ്വപ്നം

സ്വപ്നങ്ങളിലൂടെ ദൈവം ജോണിനോട് സംസാരിക്കുകയും സന്ദേശങ്ങൾ നല്കുകയും ചെയ്തിരുന്നു. 'സ്വപ്നക്കാരൻ' എന്നൊരു പേരുതന്നെ അദ്ദേഹത്തിനുണ്ടായിരുന്നു. അനേകം സ്വപ്നങ്ങൾ അദ്ദേഹം കണ്ണ്ടു. വലുതായപ്പോൾ മാർപാപ്പായുടെ നിർദ്ദേശപ്രകാരം അദ്ദേഹം തന്റെ സ്വപ്നങ്ങൾ എഴുതിവച്ചിരുന്നു. ഒൻപതാം വയസ്സിലാണ് ആദ്യത്തെ ദൈവികസ്വപ്നം ഉണ്ടണ്ടാവുന്നത്. ഒരു മൈതാനത്ത് കുറെ കുട്ടികൾ കളിച്ചുകൊണ്ടണ്ടിരിക്കുകയാണ്. ജോണും അവരോടൊപ്പം ഉണ്ട്. പെട്ടെന്ന് അവരുടെ ഇടയിൽ കളിയെചൊല്ലി ഒരു വഴക്കുണ്ടായി. അവർ പരസ്പരം ചീത്തവാക്കുകൾ പറയാൻ തുടങ്ങി. അവരുടെ സംസാരം കേട്ടപ്പോൾ ജോണിന് ദേഷ്യം വന്നു. അവൻ ചെന്ന് അവരോടു ദേഷ്യപ്പെട്ടു. ചീത്തവാക്കുകൾ പറയരുതെന്നു പറഞ്ഞു. അവർ അവനോടും എതിർത്തു സംസാരിക്കാൻ തുടങ്ങി. ഈ സമയം ഒരു ദിവ്യപുരുഷൻ ജോണിനെ മാടിവിളിച്ചു. മഹാശോഭയോടെ നിൽക്കുന്ന ആ ദിവ്യരക്ഷകന്റെ അടുക്കലേക്ക് അവൻ ചെന്നു. രക്ഷകൻ അവനോടു പറഞ്ഞു. ദേഷ്യപ്പെട്ടിട്ടല്ല സ്നേഹംകൊണ്ടണ്ടും ക്ഷമകൊണ്ടണ്ടും നീ അവരെ കീഴ്പ്പെടുത്തണം. പാപത്തിന്റെ ദോഷങ്ങളും, പുണ്യത്തിന്റെ ഫലങ്ങളും നീ അവരെ പറഞ്ഞു പഠിപ്പിക്കണം. ബാലനായ തനിക്ക് ഇതെങ്ങനെ സാധിക്കുമെന്നു ചിന്തിച്ചു നിൽക്കുമ്പോൾ സൗന്ദര്യവതിയായ ഒരു സ്ത്രീ അവന്റെ അടുക്കലേക്കു വന്നു. അവൾ കളിസ്ഥലത്തേക്കു വിരൽച്ചൂണ്ണ്ടി പറഞ്ഞു. "നോക്കു ജോണി അവിടെ മുഴുവൻ പലതരം മൃഗങ്ങളാണ്. ഈ മൃഗങ്ങളിലുണ്ണ്ടാകുന്ന മാറ്റംകണ്ട് ഈ കുട്ടികളിലും നീ മാറ്റം വരുത്തണം. അവൻ നോക്കിനിൽക്കേ കളിസ്ഥലത്തിന്റെ ഒരു ഭാഗം നിറയെ മൃഗങ്ങൾ നിറഞ്ഞു. അല്പം കഴിഞ്ഞപ്പോൾ ഈ മൃഗങ്ങളെല്ലാം ആട്ടിൻകുട്ടികളായി രൂപാന്തരപ്പെട്ടു. അവ ഓടിച്ചാടി പച്ചവിരിച്ച മൈതാനിയിൽ മേയുവാൻ തുടങ്ങി. ഈ സ്വപ്നം അവൻ തന്റെ അമ്മയെ പറഞ്ഞുകേൾപ്പിച്ചു. അവൾ പറഞ്ഞു. ഭാവിയിൽ നീ ഒരു വൈദികനാകും. അപ്പോൾ അനേകം മൃഗീയതയുള്ള കുട്ടികളെ ഇതുപോലെ നീ മാറ്റിയെടുക്കണം.

### മാജിക്കുകാരൻ ജോൺ

ചെറുപ്പത്തിൽത്തന്നെ ജോൺ സർക്കസ് വിദ്യകൾകാട്ടി കുട്ടികളെ തന്റെ അടുക്കലേക്ക് ആകർഷിക്കുമായിരുന്നു. ഒറ്റക്കയറിൽക്കൂടി നടക്കുക, തലകുത്തി മറിയുക, ഇവയൊക്കെ അവന്റെ വിനോദങ്ങളായിരുന്നു. പൂക്കൾക്കൊണ്ണ്ടും തുണികൾ, പക്ഷികൾ എന്നിവ ഉപയോഗിച്ചും ചില ജാലവിദ്യകൾ അവൻ കാണിച്ചിരുന്നു. ആളുകൾ കൂടുമ്പോൾ അവരെക്കൂട്ടി അവൻ പ്രാർത്ഥിപ്പിക്കും. അതു കഴിഞ്ഞ് ചില ജാലവിദ്യകളും സർക്കസ്സും കാണിക്കും. വീണ്ടണ്ടും അവരോടൊത്ത് പ്രാർത്ഥിക്കും. ദൈവം നല്കിയ ഈ കഴിവുകളെല്ലാം അവൻ ആത്മാക്കളുടെ രക്ഷക്കുവേണ്ണ്ടി മാത്രം ഉപയോഗിച്ചു.

### പ്രഥമ ദിവ്യകാരുണ്യസ്വീകരണം

കുഞ്ഞുനാളിൽത്തന്നെ ജോൺ പ്രാർത്ഥനാരൂപിയിൽ വളർന്നു. അമ്മയുടെ അടുക്കൽ നിന്നാണ് വേദോപദേശം പഠിച്ചത്. അവന്റെ ഹൃദയം യേശുവിനായ് കൊതിച്ചു. ദിവ്യകാരുണ്യനാഥനെ സ്വീകരിക്കാൻ അവന്റെ ഹൃദയം വെമ്പൽക്കൊണ്ണ്ടു. എന്നാൽ ആദ്യകുർബാന സ്വീകരണത്തിനുള്ള പ്രായം അവനായിരുന്നില്ല. ജോണിന്റെ അതിയായ ആഗ്രഹം മനസ്സിലാക്കിയ മാർഗരറ്റ് ഇക്കാര്യം ഇടവക വൈദികനെ അറിയിച്ചു. കുഞ്ഞുമനസ്സിന്റെ തീക്ഷ്ണത മനസ്സിലാക്കിയ വൈദികൻ സഭയുടെ പ്രത്യേകാനുവാദത്തോടെ ജോണിന് ആദ്യകുർബാന നൽകുവാൻ തീരുമാനിച്ചു. 1826 മാർച്ച് 26. അതിരാവിലെ തന്നെ അവൻ എഴുന്നേറ്റ് കുളിച്ചു വെള്ളവസ്ത്രങ്ങൾ ധരിച്ചു. ഇടതുകൈ കൊണ്ട് അമ്മയുടെ കരങ്ങളിൽ മുറുകെപിടിച്ച് വലതു കൈയ്യിൽ പൂക്കളും, തിരികളുമായി അവൻ പള്ളിയിലേക്ക് യാത്രയായി.

പള്ളിയിൽച്ചെന്ന് മുട്ടുകുത്തി കരങ്ങൾ കൂപ്പി പ്രാർത്ഥിച്ചു. യേശുവിനെ പ്രതിഷ്ഠിക്കാൻ തന്റെ ഹൃദയമാകുന്ന സക്രാരിയെ അവൻ ഒരുക്കി. സമയത്തിന്റെ പൂർണ്ണതയിൽ വൈദികന്റെ കരങ്ങളിലൂടെ ദിവ്യകാരുണ്യനാഥൻ അവന്റെ ഹൃദയത്തിലേക്ക് എഴുന്നള്ളി വന്നു. അവൻ ഭയഭക്തിയോടെ യേശുവിനെ ആരാധിച്ചു. അമ്മയും വൈദികനും പറഞ്ഞുകൊടുത്ത പ്രാർത്ഥനകൾ അവൻ ഉരുവിട്ടു. മാർഗരറ്റ് അവനോടു പറഞ്ഞു. ജീവിതാന്ത്യംവരെ നീ നല്ലവനായിരിക്കുമെന്ന് ദൈവത്തോട് വാഗ്ദാനം ചെയ്യുക. അവൻ അങ്ങനെ ചെയ്തു.

## വൈദികനാകാൻ മോഹം

മാർഗരറ്റിന്റെ മൂന്നു കുട്ടികളും മൂന്നു തരക്കാരായിരുന്നു. ആന്റണി ഒരു തന്നിഷ്ടക്കാരനായി വളരാനിഷ്ടപ്പെട്ടു. ജോസഫ് പാവങ്ങളോട് ആർദ്രതയുള്ളവനും ശാന്തപ്രകൃതക്കാരനുമായിരുന്നു. എന്നാൽ ജോൺ ദൈവഭയമുള്ളവനും കാരുണ്യസ്വഭാവമുള്ളവനുമായിരുന്നു. ഒരു വൈദികനാകാനുള്ള ആഗ്രഹം അവനിൽ മുളയെടുത്തു. എന്നാൽ മാർഗരറ്റിന് കൈയിൽ പണമില്ല. കൂടാതെ മൂത്തമകനായ ആന്റണിയുടെ ദുർനടപ്പും എതിർപ്പും. ഈ പ്രത്യേക സാഹചര്യത്തിലാണ് ജോൺ പ്രായമുള്ള ഫാ. കൊളോസായെ കണ്ടുമുട്ടുന്നത്. ഈ പരിചയപ്പെടൽ ഗുരുശിഷ്യബന്ധത്തിലേക്ക് വളർന്നു. ഫാ. കൊളോസ അവനെ ലത്തീൻ പഠിപ്പിക്കാമെന്നേറ്റു. അങ്ങനെ അവൻ പഠനമാരംഭിച്ചു. പഠനച്ചിലവിനായി ഗ്രാമത്തിലെ ഒരു കൃഷിക്കാരന്റെ വീട്ടിൽ ജോലിക്കു ചേർന്നു. പഠനവും അദ്ധ്വാനവുമായി അവൻ മുന്നേറി. ഉള്ളിൽ ഒരേയൊരാഗ്രഹം. 'വൈദികനാകണം' ഒടുവിൽ ഈ കുടുംബത്തിന്റെ കഷ്ടത മനസ്സിലാക്കിയ ഫാ. കൊളോസ ജോണിനെ കൃഷിക്കാരന്റെ വീട്ടിൽനിന്നു മാറ്റി. തന്റെകൂടെ നിർത്തി പഠിപ്പിക്കാമെന്നേറ്റു. അധികനാൾ കഴിയും മുൻപ് ഫാ. കൊളോസ മരണമടഞ്ഞു.

## ഔപചാരികപഠനം

ഫാ. കൊളോസായുടെ മരണശേഷം അമ്മാവനായ മൈക്കിൾ ഈ കുടുംബത്തെ സഹായിക്കാനായി എത്തി. മൈക്കിളിന്റെ സഹായത്തോടെ കാസ്റ്റൽനുവോയിലെ പബ്ലിക് സ്കൂളിൽ ചേർന്നു. എന്നാൽ അടിസ്ഥാനപാഠങ്ങൾ പഠിക്കാത്ത അവന് തുടർന്നുള്ള പഠനം വിഷമകരമായി മാറി. പോരാത്തതിന് സഹപാഠികളുടെ ഒറ്റപ്പെടുത്തലും കളിയാക്കലുകളും. ഒരു വർഷം അവിടെ പഠിച്ചുവെങ്കിലും ഈ പഠനംകൊണ്ട് കാര്യമായി ഒന്നും നേടാൻ കഴിഞ്ഞില്ല. ജോൺ പഠിക്കാൻ പോകുന്നതിനോട് മൂത്തസഹോദരനായ ആന്റണിക്ക് എതിർപ്പായി. അവൻ പുസ്തകം കൈയ്യിലെടുത്താൽ ആന്റണിക്കു കലിയിളകും. ഒടുവിൽ അവൻ അമ്മയെയും അനുസരിക്കാതെയായി. അവസാനം സഹികെട്ട മാർഗരറ്റ് അവർ താമസിച്ചിരുന്ന വീട് ആന്റണിക്കു കൊടുത്തിട്ട് ജോസഫിനെയും ജോണിയെയും കൂട്ടി മറ്റൊരു സ്ഥലത്ത് താമസം ആക്കി. അവർ കന്നുകലികളെ മേയിച്ച് ഉപജീവനം നടത്തി.

## സ്വപ്നക്കാരൻ ജോൺ

കന്നുകാലികളെ മേയിച്ച് ജീവിച്ചുപോന്ന നാളുകളിൽ അവനൊരു സ്വപ്നം ഉായി. ഒരു കുന്നിൻ ചെരുവിൽ ഒരുപാട് ആട്ടിൻകൂട്ടങ്ങൾ. ആടുകളെ മുന്നിൽ പ്രഭതൂകുന്ന പുഞ്ചിരിയുമായി ഒരു സ്ത്രീ. ജോൺ ആ സ്ത്രീയെ സൂക്ഷിച്ചു നോക്കിയപ്പോൾ അവൾ അവനെ വിളിച്ചു. അവൻ ഓടിച്ചെന്നു. ആ സ്ത്രീ അവനോട് പറഞ്ഞു. ജോൺ ഈ ആടുകളെ ചെന്നായ് പിടിക്കാതെ സംരക്ഷിക്കണം. അതിന് ഞാൻ നിന്നെ സഹായിക്കും. അവൻ എന്തെങ്കിലും തിരിച്ചു ചോദിക്കുന്നതിനുമുമ്പ് ആ സ്ത്രീ അപ്രത്യക്ഷയായി. പിന്നീട് ജോൺ, ഡോൺ ബോസ്കോ ആയപ്പോൾ പരിശുദ്ധ അമ്മ അവനെ എങ്ങനെ സഹായിച്ചുവെന്നു ജീവചരിത്രത്തിൽനിന്നു നമുക്ക് മനസ്സിലാക്കാം. ജോൺ 'കീയേരി'യിലുള്ള ഒരു പബ്ലിക് സ്കൂളിൽ ചേർന്നു. ലൂസി മാത്ത എന്ന സ്ത്രീയുടെ വീട്ടിൽ നിന്നുകൊണ്ടാണ് അവൻ പഠിച്ചത്. കുറഞ്ഞ ചിലവിൽ അവിടെ താമസിക്കുവാൻ അവൾ അനുവദിച്ചു. പഠനം കഴിഞ്ഞുള്ള സമയം ജോൺ ഒരു ചാക്കുമായി വീടുകൾ കയറിയിറങ്ങി പഴയ പാത്രങ്ങൾ ശേഖരിച്ച് പഠനത്തിനുള്ള പണം കണ്ടെത്തി. ഒരു ക്ലാസ്സ് താഴ്ന്നിയാണ് സ്കൂളിൽ ചേർത്തതെങ്കിലും നാലുമാസം കൊണ്ട് പഠന സാമർത്ഥ്യം നിമിത്തം രണ്ട് ക്ലാസ്സ് കയറ്റം കിട്ടി. അവന്റെ ഓർമ്മശക്തിയിലും കഴിവിലും അദ്ധ്യാപകർ സന്തുഷ്ടരായി. അവധിക്കാലത്ത് വീട്ടിലെത്തി കന്നുകാലികളെ മേയ്ക്കാൻ അവൻ അമ്മയെ സഹായിക്കും. അവധി കഴിയുമ്പോൾ സ്കൂളിലേക്ക് തിരികെ പോകും. പരീക്ഷ കഴിഞ്ഞ ഉടനെ ജോൺ സെമിനാരിയിൽ ചേരാൻ തീരുമാനിച്ചു. രൂപതാ വൈദികനോ, സന്യാസവൈദികനോ എന്ന കാര്യത്തിൽ തീരുമാനമെടുക്കാൻ അവന് സാധിക്കുന്നില്ല. അമ്മയുടെ ഉപദേശം സ്വീകരിച്ചപ്പോൾ അവളുടെ പ്രതികരണം ഇതായിരുന്നു. 'ദൈവനിശ്ചയം പോലെ നീ ചെയ്തുകൊള്ളുക. ഒരു കാര്യം മാത്രമേ എനിക്കു പറയാനുള്ളൂ, നിന്റെ ആത്മരക്ഷയാണ് എനിക്ക്

പ്രധാനപ്പെട്ടത്. പണം സമ്പാദിച്ച് ആത്മാവിനെ നഷ്ടപ്പെടുത്തുന്ന ഒരു വഴിയാണ് നീ തിരഞ്ഞെടുക്കുന്നതെങ്കിൽ ഞാൻ ഒരിക്കലും നിന്റെ അടുക്കൽ വരില്ല'. അമ്മയുടെ വാക്കുകൾ ജോണിന്റെ ഹൃദയത്തിൽ ആഴമായി പതിച്ചു. ഒരു വ്യക്തത ലഭിക്കാതെ വന്നപ്പോൾ ജോൺ ടൂറിനിലുള്ള ഫാ. ജോസഫ് കഫാസയെ കണ്ട് അഭിപ്രായം ആരാഞ്ഞു. ഇടവക വികാരിയുമായി ചർച്ചകൾ നടത്തി. അവസാനം ഒരു ഇടവകവൈദിനാകുവാൻ തീരുമാനിച്ചു.

## സെമിനാരിയിലേക്ക്

പരീക്ഷ കഴിഞ്ഞപ്പോൾ ജോൺ സെമിനാരിയിൽ ചേർന്നു. പോകാൻ നേരത്തു അവനു വേൺണ്ടതെല്ലാം നൽകുവാൻ മാർഗരറ്റിന് ആയില്ല. എങ്കിലും ദാരിദ്ര്യത്തിന്റെയും പട്ടിണിയുടെയും നടുവിൽനിന്ന് തമ്പുരാന്റെ മുന്തിരിത്തോപ്പിലേക്ക് ഇറങ്ങാൻ തന്നെ അവൻ തീരുമാനിച്ചു. 1835 ഒക്ടോബർ 25. ജോണിന് മാമ്മോദീസാ നൽകിയ വികാരിയച്ചൻ തന്നെ അവനെ സെമിനാരിയിലേക്ക് യാത്രയാക്കി. അതിനു മുന്നോടിയായി ജോണിന്റെ ഉടുപ്പുമാറ്റം നടന്നു. വൈദികവിദ്യാർത്ഥിയുടെ ഉടുപ്പുധരിച്ച് അവൻ ഇടവകയിൽ നിന്നും യാത്രയായി. സെമിനാരിലേക്ക് പോകാൻ ഒരുങ്ങിയ മകനെ മാർഗരറ്റ് ഇങ്ങനെ ഉപദേശിച്ചു. 'എന്റെ മകനേ ഈ വേഷത്തിൽ നിന്നെ കാണുമ്പോൾ എന്റെ ഹൃദയത്തിൽ ആനന്ദം നിറയുന്നു. എന്നാൽ ഈ ഉടുപ്പല്ല നിന്നെ വൈദികനാക്കുന്നതെന്ന് ഓർമ്മിക്കണം. ഈ ജീവിതാന്തസ്സിനെക്കുറിച്ച് എന്തെങ്കിലും സംശയം നിനക്ക് ഉൺണ്ടായാൽ നീ ഈ ഉടുപ്പ് ഊരിക്കളയണം. എന്നാണ് എനിക്ക് അപേക്ഷിക്കാനുള്ളത്. എന്റെ മകൻ ശ്രദ്ധയില്ലാത്ത ഒരു വൈദികനാവുന്നതിനെക്കാൾ എനിക്കിഷ്ടം ഒരു പാവപ്പെട്ട കർഷകനാവുന്നതാണ്. നീ ജനിച്ചപ്പോൾ ഞാൻ നിന്നെ മാതാവിന് സമർപ്പിച്ചു. നിന്റെ വിഷമഘട്ടങ്ങളിൽ അമ്മയിൽ ആശ്രയം തേടണം. മാതാവിനോടുള്ള ഭക്തിയിൽ വളരാൻ നീ ജനങ്ങളെ പ്രേരിപ്പിക്കണം'. 1835 ഒക്ടോബർ 30-ാം തിയതി അവൻ സെമിനാരിയിൽ ചേർന്നു. പഠനച്ചെലവ് റെക്ടർ അച്ചൻ തന്നെ വഹിച്ചു. ആദ്യവർഷത്തെ പഠനത്തിനുതന്നെ അവനു സ്കോളർഷിപ്പ് കിട്ടി. ആ തുക കൊൺണ്ട് തുടർന്നുള്ള രൺണ്ട് വർഷത്തെ പഠനവും നടത്തുവാൻ കഴിഞ്ഞു. സെമിനാരിയിലെ നിയമങ്ങളും ചട്ടങ്ങളും അവൻ അനുസരിച്ചു. നന്നായി പഠിക്കുവാനും പ്രാർത്ഥിക്കുവാനും അവൻ ശ്രദ്ധിച്ചു. വായനയിൽ അവൻ ആനന്ദം കൺെത്തി. ഉല്ലാസവേളകളിൽ ചർച്ചകൾ സംഘടിപ്പിച്ചു. എപ്പോഴും അവന്റെ കൈയ്യിൽ ഒരു ബുക്കും പേനയും ഉൺാകും. പുസ്തകങ്ങളിൽ നിന്നും ഗുരുഭൂതന്മാരിൽ നിന്നും കിട്ടുന്ന നല്ല കാര്യങ്ങൾ അവൻ രേഖപ്പെടുത്തും. 'ശകലങ്ങളുടെ ശേഖരം' എന്നാണ് ജോൺ അതിന് കൊടുത്ത പേര്.

## പത്തൊമ്പതാംവയസ്സിലെ സ്വപ്നം

സെമിനാരിയിൽ പഠിക്കുന്ന കാലത്താണ് മൂന്നാമത്തെ സ്വപ്നം ഉൺാകുന്നത്. ഒരു വലിയ താഴ്‌വര. അതിന്റെ താഴെ വലിയ പട്ടണം. പട്ടണത്തിലെ കുട്ടികൾ വഴിയിൽ നിന്ന് ചീത്ത വാക്കുകൾ വിളിച്ചുപറയുന്നു. ഇത് കേട്ട ജോൺ അവരെ കുറ്റപ്പെടുത്തി. അവർ ജോണിനെ കൊല്ലാൻ ശ്രമിച്ചു. ഓടി രക്ഷപ്പെടാൻ തുടങ്ങിയപ്പോൾ ഒരാൾ അവനെ തടഞ്ഞു നിർത്തിയിട്ടു പറഞ്ഞു. ആ കുട്ടിയുടെ അടുക്കലേക്കു തന്നെ നീ പോകണം. ചീത്തവാക്കു പറയുന്നതിൽ നിന്നു നീ അവരെ തടയണം. ജോൺ തന്റെ കഴിവുകേടു വിവരിച്ചപ്പോൾ അയാൾ ഒരു സ്ത്രീയിലേക്കു വിരൽ ചൂൺണ്ടി. അത് എന്റെ അമ്മയാണ്. അവൾ നിന്നെ സഹായിക്കും. ജോൺ അവളുടെ അടുത്ത് എത്തി. പരിശുദ്ധ കന്യാകാമറിയം അവനോടു പറഞ്ഞു. ഈ കുട്ടികളെ നീ രക്ഷിക്കണം. എതിർത്തുകൊൺണ്ടല്ല സ്നേഹം കൊൺണ്ട് അവരെ കീഴ്പ്പെടുത്തണം. അവൻ നോക്കി നിൽക്കുമ്പോൾ ആ കുട്ടികൾ വന്യമൃഗങ്ങളായി മാറി. പിന്നീട് അത് ചെമ്മരിയാടുകളായി രൂപാന്തരപ്പെട്ടു. പരിശുദ്ധ അമ്മ അവനോട് പറഞ്ഞു നീ അവരെ ഇതുപോലെ നയിക്കണം. സെമിനാരിയിൽ ആദ്യവർഷം തത്ത്വശാസ്ത്രപഠനവും അതേ തുടർന്ന് ദൈവശാസ്ത്രവും സഭാചരിത്രവും പഠിച്ചു. 1841 ൽ സെമിനാരി പഠനം പൂർത്തിയാക്കി.

## ജോൺ-ഡോൺ ബോസ്കോ ആകുന്നു

തിരുപ്പട്ടസ്വീകരണത്തിന് ഇനി അധികദിവസമില്ല. അവൻ നന്നായി പ്രാർത്ഥിച്ച് ഒരുങ്ങി. ടൂറിനിൽ ഒരു ധ്യാനത്തിൽ സംബന്ധിച്ച് നന്നായി പ്രാർത്ഥിച്ചു. ആ ധ്യാനത്തിൽവച്ച് ചില ഉറച്ച തീരുമാനങ്ങൾ എടുത്തു. ആഹാരത്തിൽ മിതത്വം പാലിക്കും. ആത്മാക്കളുടെ രക്ഷക്കുവേൺണ്ടി പ്രവർത്തിക്കും , ആവശ്യമില്ലാത്ത വിശ്രമം ഒഴിവാക്കും, വിശുദ്ധ കുർബാനയോട് ഭക്തി ഉൺണ്ടായിരിക്കും തുടങ്ങിയവ അവയിൽ ചിലത് മാത്രം.1841 ജൂൺ 5. ഒരു പിടി അനുഭവങ്ങളും പ്രാർത്ഥനാചൈതന്യവും അമ്മയുടെ അനുഗ്രഹവുമായി അൾത്താരയിലേക്ക് നീങ്ങി. ഫ്രൻസോണി മെത്രോപ്പോലീത്താ തന്റെ

കൈവെയ്പ്പിലൂടെ വൈദികപട്ടം നൽകി. ജൂൺ ആറാം തീയതി ടൂറിനിലെ പള്ളിയിൽ പ്രഥമബലിയർപ്പിച്ചു. പ്രഥമബലിയിൽ അൾത്താരവരെ തന്നെ കൈപിടിച്ചുയർത്തിയ എല്ലാവരേയും നന്ദിയോടെ ഓർത്ത് പ്രാർത്ഥിച്ചു. തുടർന്നുവന്ന വ്യാഴാഴ്ച കാസ്റ്റൽ ന്യൂവോയിലും ബലിയർപ്പിച്ചു. അന്നുമുതൽ ജോൺ ഡോൺ ബോസ്കോ എന്ന പേരിൽ അറിയപ്പെടാൻ തുടങ്ങി.
വൈദികജീവിതത്തിന്റെ ആദ്യമാസങ്ങൾ കാസ്റ്റൽ ന്യൂവോയിലെ പള്ളിയിൽ ശുശ്രൂഷയിലേർപ്പെട്ടു. ഇടവകജോലികൾ നന്നായി ചെയ്തു. ഞായറാഴ്ച ആചരണത്തിലേക്കും കൂദാശകളിലേക്കും ജനത്തെ ക്ഷണിച്ചു. കുട്ടികളോടായിരുന്നു അദ്ദേഹത്തിന് ഏറ്റവും ഇഷ്ടം. മിക്കപ്പോഴും തന്നെ ഒരു കൂട്ടം കുട്ടികൾ അദ്ദേഹത്തിന്റെ ചുറ്റിലും ഉൺണ്ടാകും. അവിടെ വൈദികനായി സേവനം അനുഷ്ഠിക്കുന്ന നാളുകളിൽ വികാരിയായ ഫാ. കഫാസെയുടെ നിർദ്ദേശ പ്രകാരം ഉപരിപഠനം നടത്തുവാൻ തീരുമാനിച്ചു. 1841 നവംബർ മൂന്നിന് കോൺവിത്തോ ഇൻസ്റ്റിറ്റ്യൂട്ടിൽ ഉപരിപഠനത്തിനായി ചേർന്നു. ഈ പഠനത്തിനിടയിലും ആഴ്ചതോറും അവിടെയുള്ള ദുർഗുണപരിഹാരപാഠശാല സന്ദർശിക്കുകയും കുട്ടികളുടെ ഇടയിൽ പ്രവർത്തിക്കുകയും ചെയ്തു. അവിടെ വച്ച് കുട്ടികളുടെ ഇടയിൽ പ്രവർത്തിക്കേൺതിന്റെ ആവശ്യകത കൂടുതൽ മനസ്സിലായി. അവരെ ശ്രദ്ധിക്കാൻ ആരെങ്കിലും ഉണ്ടൺായിരുന്നുവെങ്കിൽ... ഡോൺ ബോസ്കോയുടെ ഹൃദയം വേദനിച്ചു.

## ഓറട്ടറിയുടെ ആരംഭം

ഒരു ദിവസം ഡോൺബോസ്കോ വി. കുർബാന അർപ്പിക്കാൻ ഒരുങ്ങുകയാണ്. തിരുവസ്ത്രങ്ങൾ അണിയുന്ന സമയം സങ്കീർത്തിയുടെ ഒരു മൂലയിൽ ഒരു കുട്ടി കരഞ്ഞുകൊണ്ടൺ് നിൽക്കുന്നത് ഡോൺ ബോസ്കോ കണ്ടൺു. അവന്റെ സങ്കടത്തിന്റെ കാരണം എന്താണെന്ന് അദ്ദേഹം അന്വേഷിച്ചു. കപ്യാർ അവനോട് കുർബാനയ്ക്ക് കൂടാൻ പറഞ്ഞു. എനിക്കറിയില്ല എന്നവൻ പറഞ്ഞു. കുർബാനയ്ക്ക് കൂടാനറിയാത്തവൻ സങ്കീർത്തിയിലെന്തിന് വന്നുവെന്ന് ചോദിച്ച് കപ്യാർ അവനെ തല്ലി. ഡോൺ ബോസ്കോ അവനെ അടുത്ത് വിളിച്ച് ആശ്വസിപ്പിച്ചു. കുർബാന കഴിയുമ്പോൾ കാണാം എന്നും പറഞ്ഞു. കുർബാനയ്ക്കുശേഷം അവൻ അച്ചന്റെ അടുത്തെത്തി. അച്ചൻ അവനെ പരിചയപ്പെട്ടു. ബർത്തലോമിയോ ഗരേല്ലി എന്നാണ് അവന്റെ പേര്. വയസ്സ് പതിനാറ്. പഠിച്ചിട്ടില്ല, വീടില്ല, സ്വന്തം എന്ന് പറയാൻ ആരുമില്ല. ഡോൺ ബോസ്കോ പറഞ്ഞു. ഞാൻ നിന്നെ പഠിപ്പിക്കാം. ഇപ്പോൾ തന്നെ തുടങ്ങാം. അവൻ മുട്ടുകുത്തി. ഡോൺ ബോസ്കോ അവനെ കുരിശു വരയ്ക്കാൻ പഠിപ്പിച്ചു. നന്മ നിറഞ്ഞ മറിയമേ, സ്വർഗ്ഗസ്ഥനായ പിതാവേ, എന്നീ പ്രാർത്ഥനകൾ ചൊല്ലിക്കൊടുത്തു. പിറ്റേ ഞായറാഴ്ച വരണമെന്ന് പറഞ്ഞ് അവനെ ആശ്വസിപ്പിച്ച് പറഞ്ഞയച്ചു. ഡോൺ ബോസ്കോയുടെ ഓറട്ടറിയുടെ ആരംഭം ഇങ്ങനെയാണ്.

## സന്യാസസഭയിൽ

കോൺവിത്തോയിലെ പഠനം കഴിഞ്ഞു. ഇനി എന്ത് ചെയ്യണം. വിദേശത്ത് പോയി യുവാക്കളുടെ ഇടയിൽ പ്രവർത്തിക്കാൻ ഡോൺ ബോസ്കോ ആഗ്രഹിച്ചു. ഫാ. കഫാസോ ഇതിനെ എതിർത്തു. അപ്പോഴേക്കും ഇടവകവികാരിയായി നിയമിച്ചുകൊണ്ടുള്ള ബിഷപ്പിന്റെ കല്പനയും വന്നു. ഡോൺ ബോസ്കോ ധർമ്മസങ്കടത്തിലായി. ഏതുവഴി തിരഞ്ഞെടുക്കും. യുവാക്കളുടെ ഇടയിൽ പ്രവർത്തിക്കാനുള്ള ആഗ്രഹം ഉള്ളിൽ ആളിക്കത്തി. അവസാനം ഒരു തീരുമാനമെടുത്തു. സന്യാസസഭയിൽ ചേർന്നു പ്രവർത്തിക്കുക. ഈ തീരുമാനത്തിന് ബിഷപ്പിന്റെയും ഫാ. കഫാസോയുടെയും അംഗീകാരം കിട്ടി.

## ഓറട്ടറി പള്ളി

ഓറട്ടറിയിൽ കുട്ടികൾ കൂടി വന്നു. ഞായറാഴ്ചകളിലും ഒഴിവുദിവസവും ഓറട്ടറിയിൽ കുർബാന സ്വീകരണത്തിന് അവസരം ഒരുക്കി. ജ്ഞാനവായന, പാട്ട്, കളികൾ... അങ്ങനെ പോകുന്നു ഓറട്ടറി ജീവിതം. വഴിയിൽ കാണുന്ന ചെറുപ്പക്കാരെയെല്ലാം ഡോൺ ബോസ്കോ അങ്ങോട്ട് ക്ഷണിച്ചു. അവർക്ക് വിവിധ ജോലികളിൽ പരിശീലനം നൽകി. പാടാൻ കഴിവുള്ളവരെ ഒരുമിച്ചുകൂട്ടി ഗായകസംഘമുണ്ടൺാക്കി. അവർ കുർബാനയ്ക്കും ആരാധനയ്ക്കും പാട്ടുകൾപാടി. യുവാക്കളുമായുള്ള ഈ കൂട്ടുകെട്ട് ചിലരുടെ എതിർപ്പിനും എന്നാൽ മറ്റു ചിലരുടെ പ്രശംസയ്ക്കും കാരണമായി. ഒരു യാത്രാസഞ്ചിയുമായി ഡോൺ ബോസ്കോ തെരുവിലൂടെ യുവജനങ്ങളെ അന്വേഷിച്ച് ഇറങ്ങി. മാൻഷിയോണസ് എന്ന സ്ത്രീ പണികഴിപ്പിച്ച ഒരു ആശുപത്രിയുടെ ചാപ്ലിനായി അദ്ദേഹം ചുമതലയേറ്റു. അതിനടുത്ത് ഫാ. ബറോലൊ അനാഥരായ കുട്ടികൾക്ക് വേൺണ്ടി നടത്തുന്ന ഒരു

സ്ഥാപനമുണ്ടായിരുന്നു. ഈ രണ്ടു വൈദികരും ചേർന്ന് കുട്ടികളുടെ ഇടയിൽ പ്രവർത്തനം ആരംഭിച്ചു. അവിടെ കുട്ടികളുടെ എണ്ണം കൂടിവന്നു. അവരുടെ ചിരിയും കളിയും നാട്ടുകാർക്ക് ശല്യമായി തോന്നി. അവർ പരാതിപ്പെട്ടു. ഡോൺ ബോസ്കോ മെത്രാപ്പോലീത്തായെ പോയി കണ്ട് അവർക്ക് താമസിക്കാൻ സ്ഥലം തരണമെന്ന് അപേക്ഷിച്ചു. മാൻഷിയോണസ് ആശുപത്രിയുടെ രണ്ട് മുറികൾ നൽകി. 1844 ഡിസംബർ 8 ന് വെഞ്ചിരിച്ച് അവിടെ പ്രവർത്തനം ആരംഭിച്ചു. അങ്ങനെ ആദ്യത്തെ ഓററ്ററിപ്പള്ളി അവിടെ സ്ഥാപിക്കപ്പെട്ടു.

## അമ്മയും മകനും കർമ്മഭൂമിയിൽ

അധികനാൾ അവിടുത്തെ പ്രവർത്തനം മുമ്പോട്ട് കൊണ്ടുപോകാൻ സാധിച്ചില്ല. ജനങ്ങൾ ഓററ്ററിയുടെ പേരിൽ ഇരു ചേരികളായി തിരിഞ്ഞു. അധികൃതർ ആശുപത്രിയുടെ മുറികൾ തിരിച്ചെടുത്തു. ഡോൺ ബോസ്കോയും കുട്ടികളും പെരുവഴിയിൽ ആയി. അദ്ദേഹം ഹൃദയം നുറുങ്ങി പ്രാർത്ഥിച്ചു. പ്രാർത്ഥന കഴിഞ്ഞ് പുറത്തുവന്നപ്പോൾ പിനാർഡി എന്നൊരു മനുഷ്യൻ സഹായഹസ്തവുമായി അതാ പുറത്തു നിൽക്കുന്നു. അദ്ദേഹം ഒരു വീടും സ്ഥലവും അച്ചനെ പരിചയപ്പെടുത്തി. എന്നാൽ അധികം താമസിക്കാതെതന്നെ ഡോൺ ബോസ്കോ രോഗിയായി. നന്നായി വിശ്രമിച്ചില്ലെങ്കിൽ കിടപ്പിലാകും എന്ന് ഡോക്ടർമാർ പറഞ്ഞു. കുട്ടികൾ കൂട്ടപ്രാർത്ഥന ആരംഭിച്ചു. ഏതാനും ആഴ്ചകൾ കൊണ്ട് അച്ചൻ ആരോഗ്യം വീണ്ടെടുത്തു. പിനാർഡിയുടെ സഹായത്തോടെ ഡോൺ ബോസ്കോ ആ വീട് വാങ്ങി. പക്ഷെ ഇപ്പോൾ ഒരു പ്രശ്നം, വീട് ആരു നോക്കും? അവസാനം അതിന് പറ്റിയ ഒരാളെ ഡോൺ ബോസ്കോ കണ്ടെത്തി. തന്റെ അമ്മ മാർഗരറ്റ്! 1846 നവംബർ പതിമൂന്നിന് വീട്ടിൽനിന്ന് കുറച്ചുപാത്രങ്ങളുമായി മകനോടൊത്ത് അവൾ താമസം ആരംഭിച്ചു. ജോസഫ് കൃഷി സ്ഥലത്തുനിന്നും പച്ചക്കറികൾ എത്തിച്ചുകൊടുത്തു. ഒരിക്കൽ പട്ടിണി ഉണ്ടായപ്പോൾ മാർഗരറ്റ് വർഷങ്ങളായി പൂജ്യമായി സൂക്ഷിച്ചുവച്ചിരുന്ന വിവാഹവസ്ത്രങ്ങളും, ആഭരണങ്ങളും വിറ്റ് കുട്ടികളുടെ വിശപ്പടക്കി. അവൾ കുട്ടികളെ മക്കളെപ്പോലെ നോക്കി. കുട്ടികൾക്ക് ഒരമ്മയെക്കിട്ടിയതിലുള്ള സന്തോഷവും. അവർ മാമ്മാ മാർഗരറ്റ് എന്ന് അവളെ ബഹുമാനത്തോടെ വിളിച്ചു.

## മറ്റൊരു വിശുദ്ധനെ വാർത്ത ഓറിട്ടറി

ഡോൺ ബോസ്കോയുടെ ഓററ്ററിയിൽച്ചേർന്ന ഒരു കുട്ടിയാണ് ഡൊമിനിക് സാവിയോ. ഒരു വൈദികനായിത്തീരണം എന്നുള്ളതായിരുന്നു അവന്റെ ആഗ്രഹം. എന്നാൽ അവന്റെ ആരോഗ്യസ്ഥിതി വളരെ മോശമായിരുന്നു. രോഗംമൂലം പലപ്പോഴും അവന് വീട്ടിൽ പോകേണ്ടി വന്നു. ഓററ്ററി വിട്ട് നാട്ടിൽ ചെന്നാൽ അല്പം ഭേദപ്പെടും. വീണ്ടും തിരികെ വന്നാൽ രോഗിയായി കാണപ്പെടും. രോഗം കലശലായതോടെ ഓററ്ററിയിൽ നിന്നു മാറിത്താമസിക്കുവാൻ ഡോൺ ബോസ്കോ അവനോട് ആവശ്യപ്പെട്ടു. മനസ്സില്ലാ മനസ്സോടെ അവൻ യാത്രയായി. വീട്ടിലെത്തി ഒരാഴ്ച കഴിഞ്ഞപ്പോൾ രോഗം മൂർഛിച്ചു. 1867 മാർച്ച് ഒമ്പതിന് ഡൊമിനിക്ക് സാവിയോ തന്റെ പതിനഞ്ചാമത്തെ വയസ്സിൽ ഈ ലോകത്തോട് യാത്രപറഞ്ഞു. മരണവിവരമറിഞ്ഞ ഡോൺ ബോസ്കോ ഇങ്ങനെ പറഞ്ഞു. 'ഭൂമിയിൽ ഒരു മാലാഖ കുറഞ്ഞു. സ്വർഗ്ഗത്തിൽ ഒരു മാലാഖ കൂടി''. അനേകം സന്ദർഭങ്ങളിൽ വ്യക്തമായ തീരുമാനങ്ങളെടുക്കുവാൻ ഡോൺ ബോസ്കോയെ സഹായിച്ച വ്യക്തിയാണ് ഫാ. ജോസഫ് കഫാസോ. അദ്ദേഹം ഡോൺ ബോസ്കോയുടെ ഉപദേശകനും, കുമ്പസാരക്കാരനും ആയിരുന്നു. മരണശേഷം സഭ അദ്ദേഹത്തെയും വിശുദ്ധനായി പ്രഖ്യാപിച്ചു.

## ചെസ്റ്റ്നട്ടിന്റെ അത്ഭുതം

ഒരിക്കൽ ഡോൺ ബോസ്കോ കുട്ടികളുമായി നടക്കാൻ പോയി. പോകാൻനേരം അദ്ദേഹം പറഞ്ഞു. 'ഇന്ന് നിങ്ങൾ വഴിയിൽ നന്നായി പെരുമാറിയാൽ ചെസ്റ്റ്നട്ട് തരാം. നന്നായി പെരുമാറുന്നവർക്കേ ഉള്ളൂ അത്'. വളരെ കുറച്ച് മതിയല്ലോ എന്ന് കരുതി മാർഗരറ്റ് അമ്മ അല്പം മാത്രമേ വറുത്തുള്ളൂ. യാത്രയിൽ കുട്ടികളെല്ലാവരും നന്നായി പെരുമാറി. ഭവനത്തിൽ തിരിച്ചെത്തിയപ്പോൾ അദ്ദേഹം കുട്ടികൾക്ക് ചെസ്റ്റ്നട്ട് വിതരണം ചെയ്തു. എല്ലാവർക്കും കൊടുക്കാൻ തികയുകയില്ല. അതിനാൽ കുറേശ്ശേ കൊടുക്കാൻ മാർഗരറ്റ് മകന് നിർദ്ദേശം നൽകി. എന്നാൽ ഡോൺ ബോസ്കോ കുട്ടികൾക്ക് കൈ നിറയെ വാരിക്കോരി കൊടുത്തു. പാത്രം തിരികെ വന്നപ്പോൾ അമ്മയ്ക്ക് ഉള്ളത് അതിൽ ബാക്കിയുണ്ടായിരുന്നു!

## അമ്മയുടെ മരണം

പ്രായത്തിന്റെ ആധിക്യവും കഠിന തപശ്ചര്യങ്ങളും മാമ്മാ മാർഗരറ്റിനെ തളർത്തി. അവൾക്ക് ന്യൂമോണിയാ പിടിപെട്ടു. ചികിത്സകളൊന്നും കാര്യമായി ഫലിക്കുന്നില്ല. ഭക്ഷണംപോലും കഴിക്കാൻ പറ്റാത്ത അവസ്ഥ. ജോസഫും ജോണും അവളെ നന്നായി ശുശ്രൂഷിച്ചു. അവൾ മകനെ വിളിച്ച് അടുത്ത് നിർത്തിയിട്ട് പറഞ്ഞു 'മകനേ, ഒരിക്കൽ ദിവ്യകുദാശ സ്വീകരിക്കാൻ ഞാൻ നിന്നെ സഹായിച്ചു. ഇപ്പോൾ നീ എന്നെ സഹായിക്കുക.'' മകൻ അമ്മയ്ക്ക് അന്ത്യകൂദാശകൾ നൽകി. ചെറുപ്പത്തിൽ അമ്മ പഠിപ്പിച്ച പ്രാർത്ഥനകൾ അവർ മുട്ടുകുത്തി ചൊല്ലി. എല്ലാവരുടെയും കണ്ണുകൾ നിറഞ്ഞൊഴുകി. അവൾ പറഞ്ഞു'. നിന്റെ സങ്കടം എനിക്ക് സഹിക്കാൻ പറ്റുന്നില്ല. നിന്റെ മുറിയിൽപോയി നീ എനിക്ക് വേണ്ടണ്ി പ്രാർത്ഥിക്കുക. അവൻ അങ്ങനെ ചെയ്തു. രാത്രി മൂന്ന് മണിയായപ്പോൾ ജോസഫ്, ഡോൺ ബോസ്കോയുടെ മുറിയിൽ എത്തി. അവർ മുഖത്തോടു മുഖം നോക്കി. അവിടെ തേങ്ങലുകൾ ഉയർന്നു. അവരുടെ അമ്മ എന്നന്നേക്കുമായി ഈ ലോകത്തോട് യാത്ര പറഞ്ഞുകഴിഞ്ഞു. 1856 നവംബർ മൂന്നാം തിയതി ആയിരുന്നു അത്.

## സഭാസ്ഥാപനം

1856 ൽ കുട്ടികൾക്ക് വേൺണ്ടി ജീവൻ അർപ്പിക്കാൻ തയ്യാറാവുന്ന സലേഷ്യൻ സഭയ്ക്കുവേണ്ടണ്ി തയ്യാറാക്കിയ നിയമാവലികളുമായി ഡോൺ ബോസ്കോ പയസ് 9-ാംമൻ മാർപാപ്പായെ സമീപിച്ചു. മാർപാപ്പ അദ്ദേഹത്തിന് മോൺസിഞ്ഞോർ സ്ഥാനം നൽകാൻ ആഗ്രഹിച്ചെങ്കിലും അദ്ദേഹം അത് സമ്മതിച്ചില്ല. താൻ മോൺസിഞ്ഞോർ ആയാൽ നഷ്ടം കുട്ടികൾക്കാണെന്ന് അദ്ദേഹം മാർപാപ്പയെ അറിയിച്ചു. ഇതു കേട്ട പരിശുദ്ധ പിതാവ് അദ്ദേഹത്തിന് 'എന്നും എവിടെയും വച്ച് കുമ്പസാരം കേൾക്കുവാനുള്ള അനുവാദം നൽകി. 1859 ഡിസംബർ 8 ന് ഓററ്ററി പ്രവർത്തകർ ഒന്നിച്ചുചേർന്നു. കുട്ടികൾക്കുവേണ്ി ജീവൻ അർപ്പിക്കാൻ തയ്യാറാവുന്നവരെക്കൂട്ടി സന്യാസസഭയ്ക്ക് രൂപം നൽകി. ആ സഭയുടെ ആജീവനാന്തസുപ്പീരിയറായി ഡോൺ ബോസ്കോ തിരഞ്ഞെടുക്കപ്പെട്ടു. 1854 ജൂൺ 23 ന് സലേഷ്യൻ സഭയുടെ ഭരണഘടനയ്ക്ക് റോമിന്റെ അംഗീകാരവും ലഭിച്ചു. സലേഷ്യൻ ഒന്നാം സഭ എന്ന പേരിൽ ഇതറിയപ്പെട്ടു.

## ക്രിസ്ത്യാനികളുടെ സഹായമായ മാതാവിന്റെ മക്കൾ

ആൺകുട്ടികളുടെ ഇടയിലുള്ള ഈ പ്രവർത്തനം പെൺകുട്ടികളുടെ ഇടയിലും ആരംഭിക്കണമെന്ന നിർദ്ദേശം സമൂഹത്തിൽനിന്ന് ഉയർന്നുവന്നു. ഒത്തിരി പ്രാർത്ഥനയ്ക്കുശേഷം അതും യാഥാർത്ഥ്യമായി. അവിവാഹിതരായി കഴിഞ്ഞ നാല് സഹോദരിമാരെ അദ്ദേഹം കണ്ടെണ്ടത്തി. അവരുടെ വിശുദ്ധിയും പ്രാർത്ഥനയും ചൈതന്യവും ഡോൺ ബോസ്കോ മനസ്സിലാക്കി. 1872 ജനവരി 29 ന് അവരിൽ മേരി മസറൊല്ലൊ എന്ന പേരുള്ള ഒരാൾ മദർ സുപ്പീരിയറായി നിയമിതയായി. തുടർന്ന് പതിനൊന്ന് പേർകൂടി അവരുടെ കൂടെച്ചേർന്നു. ക്രിസ്ത്യാനികളുടെ സഹായമായ മാതാവിന്റെ മക്കൾ എന്ന പേരിൽ അവർ അറിയപ്പെട്ടു. സലേഷ്യൻ രൺണ്ടാം സഭ എന്ന പേരിൽ ഇതറിയപ്പെടുന്നു.

## സലേഷ്യൻ സഹകാരികൾ

അനേകം അല്മായർ ഡോൺ ബോസ്കോയുടെ പ്രവർത്തനങ്ങളിൽ തൽപരരായി അദ്ദേഹത്തോടൊത്ത് പ്രവർത്തിക്കാൻ മുന്നോട്ടു വന്നു. പ്രാർത്ഥനയിലൂടെയും ദാനധർമ്മത്തിലൂടെയും അവർ ഡോൺ ബോസ്കോയെ സഹായിച്ചു. 1876 ൽ ആരംഭിച്ച ഈ കൂട്ടായ്മ സലേഷ്യൻ മൂന്നാംസഭ എന്ന പേരിൽ അറിയപ്പെടുന്നു.

## അന്വേഷിച്ചെത്തിയ പദവികൾ

ജീവിച്ചിരുന്നപ്പോൾതന്നെ, ജീവിക്കുന്ന വിശുദ്ധൻ എന്നറിയപ്പെട്ട വ്യക്തിയാണ് വി. ഡോൺ ബോസകോ. അദ്ദേഹത്തിന് അനേകം രാജ്യങ്ങളിലെ ഭരണകൂടങ്ങൾ വലിയ സ്വീകരണമാണ് നൽകിയത്. വിശുദ്ധിക്കും സൗഖ്യത്തിനുമായി അദ്ദേഹത്തിന്റെ വസ്ത്രത്തിലെങ്കിലും ഒന്നു തൊടാൻ, വിശ്വാസംമൂലം ജനങ്ങൾ ആഗ്രഹിച്ചു. തിരുസഭയും അദ്ദേഹത്തെ ബഹുമാനിച്ചു. 'ഇറ്റലിയുടെ നിധി' എന്നാണ് 9-ാം പിയൂസ് മാർപാപ്പ അദ്ദേഹത്തെ വിശേഷിപ്പിച്ചത്. ഗവൺമെന്റ് അദ്ദേഹത്തിന് 'കവലിയർ' ബഹുമതി നൽകി ആദരിച്ചു.

## മാധ്യമരംഗത്തെ സേവനങ്ങൾ

ആത്മാക്കളുടെ രക്ഷയ്ക്കുവേണ്ടി അക്ഷീണം പ്രവർത്തിച്ച വ്യക്തിയാണ് ഡോൺ ബോസ്കോ. തന്റെ

അറിവും കഴിവും ആരോഗ്യവുമെല്ലാം അദ്ദേഹം അതിനായി ഉപയോഗിച്ചു. നൂറിലധികം പുസ്തകങ്ങൾ അദ്ദേഹം എഴുതിയതായി കണക്കാക്കുന്നു. നല്ല പുസ്തകങ്ങൾ പ്രചരിപ്പിക്കുന്നത് സുവിശേഷവേലയാണെന്ന കാഴ്ചപ്പാടുകാരനായിരുന്നു. അദ്ദേഹം. വ്യാകുലമാതാവ്, സഭാചരിത്രം, ബൈബിൾ ചരിതം ഇവയെപ്പറ്റിയൊക്കെ അദ്ദേഹം തന്റെ രചനയിൽ പ്രതിപാദിച്ചു. കുട്ടികൾക്കുവേണ്ടി 'യുവാക്കളുടെ കൂട്ടുകാരൻ' എന്നൊരു പ്രാർത്ഥനാപുസ്തകം എഴുതി. വിവിധ വിഷയങ്ങളെ പറ്റി അനേകം ലഘുലേഖകളിറക്കി. കുഞ്ഞുങ്ങൾക്കായി 'ഇറ്റാലിയൻ ചരിതം' എന്നൊരു പുസ്തകവും കത്തോലിക്കരെ ഉദ്ദേശിച്ച് 'കത്തോലിക്കാപാരായണം' എന്നൊരു ക്രൈസ്തവ മാസികയും അദ്ദേഹം ആരംഭിച്ചു. വിലകുറച്ച് പുസ്തകം കൊടുക്കാൻ അച്ചടിശാലയും സ്ഥാപിച്ചു. കടകളിൽ മോശമായ മാസികയും പുസ്തകങ്ങളും കണ്ടാൽ അത് കത്തിച്ചു കളയാൻ അദ്ദേഹം പറയുമായിരുന്നു.

## സ്വരം നൽകിയ പുണ്യവാൻ

ഫോറൻസിലെ ഒരു സ്കൂളിൽ ഒരു കലാപരിപാടിയിൽ ക്ഷണിക്കപ്പെട്ട അതിഥിയായി ഡോൺ ബോസ്കോ എത്തി. അന്നേദിവസം അവിടെ പാട്ടുപാടേണ്ടുന്ന പ്രധാനപാട്ടുകാരനായ കുട്ടിയുടെ സ്വരം നഷ്ടപ്പെട്ടു. അവന് ഒന്നും പാടാൻ പറ്റുന്നില്ല. സംഘാടകർ വിഷമത്തിലായി. അവർ കുട്ടിയെ ഡോൺ ബോസ്കോയുടെ അടുക്കൽ കൊണ്ടുചെന്നു. അദ്ദേഹം അവന്റെ ശിരസ്സിൽ കൈവച്ചു പ്രാർത്ഥിച്ചു. പാട്ടുപാടാൻ 'എന്റെ സ്വരം നിനക്ക് തരാം' എന്നു അദ്ദേഹം ആ കുട്ടിയോട് പറഞ്ഞു. അവൻ അതു സമ്മതിച്ചു. പാട്ടുപാടാൻ അവൻ സ്റ്റേജിൽ കയറിയതും അവന്റെ സ്വരം തെളിഞ്ഞതും ഒന്നിച്ചായിരുന്നു. ഈ സമയം ഡോൺ ബോസ്കോയുടെ സ്വരം നഷ്ടപ്പെട്ടു. പാട്ടുകഴിഞ്ഞപ്പോൾ എല്ലാവരും കുട്ടിയെ പ്രശംസിച്ചു. അവൻ തിരകെ ഡോൺ ബോസ്കോയുടെ അടുത്തെത്തി. അദ്ദേഹം പറഞ്ഞു. 'ഇനി എന്റെ സ്വരം എനിക്കു തിരികെ തന്നുകൊള്ളുക. എനിക്ക് പാവപ്പെട്ട ധാരാളം കുട്ടികൾ ഉണ്ട്. അവർക്ക് ഭക്ഷണത്തിനും വസ്ത്രത്തിനും വേണ്ടി പണം ചോദിക്കാനുള്ളതാണ് ഈ സ്വരം'. കുട്ടി അതു സമ്മതിക്കുകയും സ്വരം ഡോൺ ബോസ്കോയിലേക്ക് തിരികെപ്പോരുകയും ചെയ്തു.

## കുർബാനയിലെ അത്ഭുതം

ഒരു ദിവസം കുട്ടികൾക്കായി ഡോൺ ബോസ്കോ വി. കുർബാന അർപ്പിക്കുകയാണ്. സക്രാരിയിൽ വാഴ്ത്തിയ തിരുവോസ്തി കാണുമെന്നു കരുതി കപ്യാർ കുറച്ച് ഓസ്തി മാത്രമേ അൾത്താരയിൽ വച്ചിരുന്നുള്ളു. കുർബാന ആരംഭിച്ചു കഴിഞ്ഞപ്പോൾ ഒത്തിരി കുട്ടികൾ കുർബാനയ്ക്കായി വന്നു. കുർബാന സ്വീകരണസമയമായി എഴുന്നൂറോളം ആളുകൾ കുർബാന സ്വീകരിക്കാൻ ഉണ്ട്. കുർബാന നല്കുന്നതിനുമുമ്പ് ഈ പുരോഹിതൻ അൾത്താരയിൽ നിന്ന് ഒരു നിമിഷം കണ്ണുകൾ ഉയർത്തി പ്രാർത്ഥിച്ചു. അതിനുശേഷം വി. കുർബാന കൊടുത്തുതുടങ്ങി. ഏതാണ്ട് കാലിയായ കുസ്തോതിയിൽ നിന്ന് എല്ലാവരും വി. കുർബാന സ്വീകരിച്ചു. കുർബാന കഴിഞ്ഞ് ഇതിനെപ്പറ്റി കപ്യാർ ചോദിച്ചപ്പോൾ പുണ്യവാൻ ഇങ്ങനെ പറഞ്ഞു. ഗോതമ്പ് അപ്പം യേശുവിന്റെ ശരീരമായി മാറുന്നതിലും വലുതല്ലല്ലോ ഓസ്തിയുടെ എണ്ണം വർദ്ധിക്കുന്നത്.

## ജയിലിലെ ധ്യാനം

1855 ൽ ടൂറിനിലെ ഒരു ജയിലിൽ മുന്നൂറോളം കുട്ടികൾക്കായി ഒരു ധ്യാനം നടത്തി. ആ ധ്യാനത്തിൽ കുട്ടികൾ ദൈവസ്നേഹം അനുഭവിച്ചറിഞ്ഞു. ഈ കുട്ടികളെ ഒരു ഉല്ലാസയാത്രയ്ക്ക് കൊണ്ടുപോകാൻ അദ്ദേഹം ആഗ്രഹിച്ചു. അനുമതിക്കായി മന്ത്രിയെ ചെന്നു കണ്ടു. അൽപ്പം ഭയത്തോടെയാണെങ്കിലും ഡോൺ ബോസ്കോയിൽ വിശ്വാസം അർപ്പിച്ച് ഒരു പരീക്ഷണം എന്ന നിലയിൽ മന്ത്രി അനുവദിച്ചു. ആവശ്യത്തിന് പോലീസിനെ വിട്ടുകൊടുക്കാമെന്ന് ജയിൽ അധികൃതർ പറഞ്ഞെങ്കിലും അദ്ദേഹം അത് നിരസിച്ചു. പറഞ്ഞസമയത്തുതന്നെ തിരികെയെത്തികൊള്ളാമെന്നും ഏതെങ്കിലും കുട്ടി മടങ്ങിവരാതിരുന്നാൽ താൻ അതിനുപകരം ജയിലിൽ തുടർന്നു കൊള്ളാമെന്നും അദ്ദേഹം എഴുതി ഒപ്പിട്ടുകൊടുത്തു. അവർ യാത്ര ആരംഭിച്ചു. കളിച്ചും ചിരിച്ചും അച്ചടക്കമുള്ള കുട്ടികളെപ്പോലെ അവർ മുന്നേറി. വൈകുന്നേരം ജയിൽ അധികൃതർ പറഞ്ഞിരുന്ന സമയത്തിന് തൊട്ടുമുമ്പുതന്നെ ഡോൺ ബോസ്കോ കുട്ടികളുമായി ജയിലിൽ തിരിച്ചെത്തി. ഇരുപതു വർഷം മുടങ്ങാതെ അദ്ദേഹം ജയിൽ സന്ദർശിച്ച് അനേകരെ പ്രകാശത്തിലേക്ക് നയിച്ചു.

## രാജകുമാരന്റെ മാനസാന്തരം

പോളണ്ടിലെ രാജകുമാരനായിരുന്നു അഗസ്റ്റിൻ. ഡോൺ ബോസ്കോയുടെ പ്രവർത്തനങ്ങളിൽ

തൽപരനായിത്തീർന്ന അദ്ദേഹം രാജസ്ഥാനം ഉപേക്ഷിക്കാൻ തീരുമാനിച്ചു. തുടർന്ന് അദ്ദേഹം സലേഷ്യൻ സഭയിൽ ചേർന്ന് വൈദികനായി സേവനം ചെയ്തു. രാജകുമാരനായതിനാൽ മാർപാപ്പായുടെ അനുമതി തേടാൻ അദ്ദേഹം അഗസ്റ്റിനോട് പറഞ്ഞു. അങ്ങനെ 1887 നവംബർ 24 ന് മാർപാപ്പയുടെ അനുമതിയോടെ ഡോൺ ബോസ്കോ അഗസ്റ്റിന് ഉടുപ്പ് കൊടുത്തു.

## ആരോഗ്യത്തിന്റെ മാലാഖ

അത്ഭുതപ്രവർത്തനവരവും രോഗശാന്തിവരവും നിറഞ്ഞുനിന്ന ഒരു വ്യക്തിയാണ് ഡോൺ ബോസ്കോ. അദ്ദേഹം പറഞ്ഞാൽ നിശ്ചിതദിവസത്തേക്ക് മരണം മാറി നിൽക്കുമായിരുന്നു. വൈദ്യശാസ്ത്രം ഉപേക്ഷിച്ച പലരേയും അദ്ദേഹം തൊട്ടു സുഖപ്പെടുത്തിയിട്ടുണ്ട്. ജന്മനാ ഉള്ള വൈകല്യങ്ങൾ മാറിയതും റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുണ്ട്. അദ്ദേഹം, ഒരു വാക്ക് പറഞ്ഞാൽ സുഖപ്പെടും എന്ന വിശ്വാസത്തോളം ജനമെത്തിയിരുന്നു. അതുകൊണ്ടാണ് ആരോഗ്യത്തിന്റെ മാലാഖ എന്നു ജനങ്ങളദ്ദേഹത്തെ വിളിച്ചത്.

## അന്തിമദിനങ്ങൾ

ഡോൺബോസ്കോ വളരെയേറെ ക്ഷീണിതനായി. തന്റെ അന്ത്യം ആഗതമായി എന്നു ഡോൺ ബോസ്കോ മനസ്സിലാക്കി. പഴയതുപോലെ ഓടിനടക്കാൻ ആരോഗ്യം അനുവദിക്കുന്നില്ല. കുർബാന അർപ്പണം പോലും വളരെ വിഷമിച്ചാണ്. അതും സ്വന്തം മുറിയിൽ. ചിലപ്പോൾ കുർബാന പൂർത്തിയാക്കാൻ പറ്റാതെ വന്നിട്ടുണ്ട്. അപ്പോൾ സഹകാർമ്മികർ അതു പൂർത്തിയാക്കും.

**വിശുദ്ധ ഡോൺ ബോസ്കോ ഞങ്ങൾക്കുവേണ്ടി അപേക്ഷിക്കണമെ...**